*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 33B

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്**

# ഈ കുട്ടികൾ എന്റെ സമ്പത്ത്

**ജൂൺ 1, 2022**

ഓം ശ്രീ സായിരാം! പ്രശാന്തിസന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

ഏറെക്കാലം മുമ്പ് ശ്രീ എൻ.കസ്തൂരി അദ്ദേഹം വ്യക്തിപരമായി സാക്ഷിയായ ഒരു സുന്ദരമായ അനുഭവം വർണിച്ചിട്ടുണ്ട്. ചിറ്റൂർ ജില്ലയിലെ മദനപ്പള്ളിയിൽവച്ച് അദ്ദേഹം വലിയ ഒരു ഭക്തജനസഞ്ചയം മുമ്പാകെ പങ്കുവച്ചതാണിത്. അദ്ദേഹം ഈ രീതിയിലാണ് ആ സംഭവം വിവരിച്ചു തുടങ്ങിയത്.

ഇത് ബോംബെയിലാണ് സംഭവിച്ചത്. സായീഭക്തരായ ഒരു കുടുംബമുണ്ടായിരുന്നു. അച്ഛനും അമ്മയും വലിയ ഭക്തരായിരുന്നു. അവരുടെ ഒരേയൊരു മകൻ, അവൻ ഭക്തനല്ലായിരുന്നു, എല്ലാ നേരത്തും കൂട്ടുകാരുടെ ഒപ്പം സമയം ചെലവിടും, അത് മാതാപിതാക്കൾ ഇഷ്ടപ്പെട്ടിരുന്നില്ല. ഈ പയ്യൻ എന്താണിങ്ങനെ വളർന്നുവരുന്നത് എന്ന ആധിയായിരുന്നു സദാ മാതാപിതാക്കൾക്ക്! ഇവനെന്താണ് സായീമാർഗത്തിൽ വരാത്തത്?

അങ്ങനെയിരിക്കവെ, ശർമ്മിള ടാഗോർ എന്നു പേരുള്ള ഒരു സിനിമാനടി ഈ കുടുംബം താമസിക്കുന്ന സ്ഥലം സന്ദർശിക്കാനിടയായി. ഈ പയ്യന് ആവേശമായി, അവൻ തന്റെ കൂട്ടുകാർക്കൊപ്പം അവരെ കാണാൻ പോകുന്നതിന് ശരിക്കും ആഗ്രഹിച്ചു, അവൻ കാലേക്കൂട്ടി അതിനായി തയ്യാറെടുപ്പുകൾ ആരംഭിച്ചു, നന്നായി അണിഞ്ഞൊരുങ്ങി. അതെ, അവൻ മുടിയൊക്കെ ചീകിയൊതുക്കി, ഒരു ഫസ്റ്റ് ക്ലാസ് മാച്ചിംഗ് സ്യൂട്ടിട്ടു, പിന്നെ അവൻ സ്പ്രേയും അടിച്ചു.

അവസാനം, കൂട്ടുകാർക്കൊപ്പം സിനിമാനടിയെ കാണുന്നതിനായി പുറപ്പെടുന്നതിനു മുമ്പ്, അവൻ ഡൈനിംഗ് ടേബിളിൽ ഒരു പുസ്തകം താനേ തുറന്നതു കണ്ടു.




ആ പുസ്തകം കുറച്ചുനാളായി ആ ഡൈനിംഗ് ടേബിളിൽ കിടക്കുകയാണ്, എന്നാൽ അവന് ആ പുസ്തകത്തെപ്പറ്റി അറിവില്ല. ആ പുസ്തകം എന്തെന്നറിയുന്നതിന് അവൻ ശ്രദ്ധിച്ചിട്ടേയില്ല. എന്നാൽ, ഏറ്റവും അതിശയകരമായി, ആ പുസ്തകം താനേ തുറക്കുന്നതാണ് അവൻ കാണുന്നത്, എന്നിട്ട് ഒരു പ്രത്യേക ഭാഗത്ത് അക്ഷരങ്ങൾ വലുതായി, വലുതായി, വലുതായി വന്നു. അവ ഇങ്ങനെ എഴുതിയിരിക്കുന്നു. “എങ്ങും പൊവേണ്ടതില്ല! ഞാൻ നിനക്ക് അനന്തമായ ആനന്ദം തരാം!” ഞാൻ ആവർത്തിക്കട്ടെ, “എങ്ങും പൊവേണ്ടതില്ല! നിൽക്കൂ! ഞാൻ നിനക്ക് അനന്തമായ ആനന്ദം തരാം!” പയ്യൻ പൊടുന്നനെ പുസ്തകത്തിൽ പ്രത്യക്ഷപ്പെട്ട ഈ വരികൾ വായിച്ചു. കൺമുന്നിലായി അക്ഷരങ്ങൾ വലുതായി, വലുതായി, വളരുന്നതു കണ്ടിട്ട് അവൻ അസ്ത്രപ്രജ്ഞനായി, ഒന്നും ചെയ്യാനാവാതെ.




ശ്രീ എൻ. കസ്തൂരി

പോവേണ്ടെന്ന് തീരുമാനിക്കുന്നതിന് നേരമായി എന്ന് പെട്ടെന്ന് അവൻ ചിന്തിച്ചു. താൻ സുഹൃത്തുക്കൾക്കൊപ്പം കൂടുന്നില്ലെന്നും സിനിമാ നടിയെ കാണാൻ പോകുന്നതിന് തയ്യാറല്ലെന്നും അവൻ അവരെ അറിയിച്ചു. ഇതെ, ദിവസങ്ങൾ അങ്ങനെ കടന്നുപോയി, ആ പുസ്തകം കസ്തൂരിജി തന്നെ എഴുതിയ ‘സത്യം, ശിവം, സുന്ദരം’ അല്ലാതെ മറ്റൊന്നായിരുന്നില്ല. അമ്മ ആ പുസ്തകം ഡൈനിംഗ് ടേബിളിൽ വച്ചതാണ്, എന്തുകൊണ്ടെന്നാൽ എന്നെങ്കിലും ഒരു ദിവസം അവനത് തുറന്നുനോക്കും എന്ന് അവർ കരുതിയിരുന്നു. അവനൊരു സായിഭക്തനാവണമെന്ന് അവർ ആഗ്രഹിച്ചു. എന്നാൽ ഈ പയ്യൻ ഇക്കാലമത്രയും ശ്രദ്ധിച്ചില്ല. എന്നാൽ ഈ സംഭവം, അവനോട് എങ്ങും പോവേണ്ടെന്ന് നിർദ്ദേശിച്ചുകൊണ്ട്, അക്ഷരങ്ങൾ സ്വയം വലുതായി വരുന്നത് വ്യക്തിപരമായി കണ്ടപ്പോൾ, അവന്റെ കണ്ണുകൾ തുറന്നു, അവൻ പുതിയൊരു ജീവിതം ആരംഭിച്ചു.

ഏതാനും മാസങ്ങൾക്കു ശേഷം, തമിഴ്നാട്ടിലെ നീലഗിരിക്കുന്നുകളിൽ-ഊട്ടിയിൽ സമ്മർ കോഴ്സ് നടക്കുന്ന സമയം. ശരി, ക്ലാസ്സുകൾ നടക്കുന്നു, സ്വാമി വിദ്യാർത്ഥികളുടെ വരി

കൾക്കിടയിലൂടെ നടക്കുന്നു, പെട്ടെന്ന് അവിടുന്ന് മുമ്പിലിരുന്ന ഏതാനും വിദ്യാർത്ഥികളോട് പറഞ്ഞു, "നിങ്ങൾ നോക്കൂ, അവിടെ പുറകിലായി, ഒരു വിദ്യാർത്ഥി എന്തോ എഴുതുകയാണ്. അവൻ ഇവിടെ നടക്കുന്ന ലക്ചറുകളൊന്നും ശ്രദ്ധിക്കുന്നതായി തോന്നുന്നില്ല. ആ കുട്ടി ഈ ദിവസങ്ങളത്രയും എഴുതുകയായിരുന്നു. അതെന്താവും എന്നാണ് നിങ്ങൾ കരുതുന്നത്?"

അപ്പോൾ സ്വാമി ആ കുട്ടികളോട് വെളിപ്പെടുത്തുകയുണ്ടായി, അവൻ ചെയ്തുകൊണ്ടിരുന്നത് 'ലിഖിതജപം' അല്ലാതെ മറ്റൊന്നുമായിരുന്നില്ല-സ്വാമിയുടെ നാമം ആവർത്തിച്ച് എഴുതുക-ഓം ശ്രീ സായിരാം, ഓം ശ്രീ സായിരാം, ഓം ശ്രീ സായിരാം-ഇങ്ങനെ. എന്നിട്ട് സ്വാമി ആ കുട്ടികളോട് പറഞ്ഞു, "നിങ്ങൾക്കറിയാമോ, ആ പയ്യൻ ബോംബെയിൽനിന്നാണ്. അവൻ സിനിമാനടിയെ കാണാനാഗ്രഹിച്ചിരുന്നു. ഞാനാണവനെ ഇങ്ങോട്ട് കൊണ്ടുവന്നത്. ഞാനവനെ മൊത്തമായി മാറ്റി. ഇന്ന് അവനൊരു, അവനൊരു സായിഭക്തനാണ്!"




അതാണ് സായിയുടെ ശക്തി! അതാണ് സായിയുടെ ശക്തി! അത് ശരിക്കും അതിശയകരമാണ്, എന്താണ് നടന്നതെന്ന് അറിയുന്നത്.

ഏറെക്കാലം മുമ്പ്, ഞാൻ പങ്കാളിയായ മറ്റൊരു സംഭവവും എനിക്ക് നിങ്ങളോട് പറയാനാവും. ഇതെല്ലാം 40-45 വർഷങ്ങൾക്കു മുമ്പ് നടന്ന സംഭവങ്ങളാണ്, ഞാൻ ഒരു ഹൃസ്വ സന്ദർശനത്തിനായി ബൃന്ദാവനിൽ ഉണ്ടായിരുന്നു. എനിക്കന്ന് സ്വാമിയുമായി അത്ര വലിയ അടുപ്പമില്ല. അടുപ്പം കൊണ്ട്, ശാരീരികമായതാണ് ഞാൻ അർത്ഥമാക്കുന്നത്, ദസറാ വേളകളിൽ വല്ലപ്പോഴും നടത്തുന്ന പ്രഭാഷണങ്ങളിലൊഴികെ.

പെട്ടെന്ന് സ്വാമി സന്ദേശമയച്ചു, അനിൽകുമാർ വിവാഹത്തിൽ പങ്കെടുക്കണം എന്ന്. ആഹാ! എനിക്ക് വലിയ അതിശയമായി, സ്തബ്ധനായി! സ്വാമി എന്നോട് ഒരു വിവാഹത്തിൽ പങ്കെടുക്കണം എന്ന് ആവശ്യപ്പെടുന്നു! നന്നായി! ഞാൻ വിവാഹത്തിൽ പങ്കെടുത്തു. വെങ്കടഗിരി രാജാവിന്റെ കുടുംബത്തിലെ, പുത്രന്റെ ആ വിവാഹം സ്വാമിയാണ് നടത്തിക്കൊടുത്തത്. വെങ്കടഗിരി, ആന്ധ്രാപ്രദേശിലെ നെല്ലൂർ ജില്ലയിലെ ഒരു സ്ഥലമാണ്. ഈ രാജാ- വെങ്കടഗിരിയിലെ രാജകുടുംബം, ബാബയുടെ ഭക്തരാണ്. സ്വാമി ആ കുടുംബത്തിലെ ഒരു അംഗത്തിന്റെ വിവാഹം നടത്തിക്കൊടുത്തതാണ്.

എന്നിട്ട് ഞങ്ങളെല്ലാവരോടും സദ്യയ്ക്കായി ഡൈനിംഗ് ഹാളിലേക്ക് പോകുന്നതിനായി ആവശ്യപ്പെട്ടു. ഞാൻ നേരെ അങ്ങോട്ട് പോയി ഇരിപ്പായി, കാരണം അവർക്കൊപ്പം സദ്യ

കഴിക്കാനായി അവർ ക്ഷണിക്കുമെന്ന് ഞാൻ ഒരിക്കലും പ്രതീക്ഷിരുന്നില്ല. ഞാൻ അതിശ യിക്കുക മാത്രമല്ല, അത്യാഹ്ലാദത്തിലായി. എങ്ങനെയോ ഞാനവിടെ എത്തി, ഡൈനിംഗ് ഹാളിൽ ഇരിപ്പുറപ്പിച്ചു. എല്ലാവരും ഇരുന്നു, നിറയെ ജനം! പെട്ടെന്ന് സ്വാമി അവിടെ എത്തി, നടുക്കായി നിന്നു, ഊണിനുള്ള വിവിധ വിഭവങ്ങളും കൈയിലേന്തി ഭിത്തിയോട് ചേർന്ന് വരിയായി നിൽപ്പുള്ള ആൺകുട്ടികളെ നോക്കി -ഒരാൾ ചോറെടുത്തിരിക്കുന്നു; മറ്റൊരാൾ സാമ്പാർ, അങ്ങനെ! ഓരോരുത്തരും വിളമ്പുന്നതിന് തയ്യാറെടുത്തു നിൽക്കുകയാണ്.

സ്വാമി എന്റെ മുമ്പിലായി വന്നു നിന്നിട്ട് പറഞ്ഞു, "ഇവിടെ നോക്കൂ, അനിൽകുമാർ! എന്റെ കുട്ടികളെല്ലാവരും ജീവിതത്തിലെ ഈ സുപ്രധാന വശം, സേവ, അറിഞ്ഞിരിക്ക ണം. ഓരോരുത്തരും സേവ ചെയ്യാൻ മനസ്സിലാക്കിയിരിക്കണം. സ്വാമിയുടെ സ്ഥാപന ത്തിൽ, ഒരു തരത്തിലുമുള്ള വിവേചനം ഇല്ല. ഒരുവൻ രാജകുടുംബാംഗമാവാം, ഇടത്തരം കുടുംബത്തിൽ നിന്നാവാം, എന്തുമായിക്കൊള്ളട്ടെ! ആ വിദ്യാർത്ഥി ജീവിതത്തിൽ വളരെ പ്രധാനപ്പെട്ട ഈ സേവനം പഠിച്ചിരിക്കണം." ഞാനിതിന് നേർ സാക്ഷിയാണ്!

സ്വാമി എങ്ങനെയാണ് കുട്ടികളെ പഠിപ്പിക്കുന്നത് എന്ന് അപ്പോളെനിക്ക് പിടികിട്ടി. അവർ സ്വാമിയുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് വിളമ്പാൻ തുടങ്ങി. എനിക്കിത് കണ്ട് വളരെ സന്തോഷം തോന്നി. ജീവിതത്തിലെ ഈ സുപ്രധാന വശം-സേവ- സ്വാമി കുട്ടികളെ പഠി പ്പിക്കുന്നതെങ്ങനെ എന്ന് അറിയുക മാത്രമല്ല, സായി വിദ്യാർത്ഥികൾ മാതൃകാ വിദ്യാർത്ഥികളാവുന്നതെങ്ങനെ എന്നും എനിക്ക് അറിയാനിടയായി, കാരണം ഞാൻ തന്നെ ഗുണ്ടൂരിലെ ഒരു ക്രിസ്ത്യൻ കോളജിലെ പ്രഫസറായി ജോലി ചെയ്യുകയാണ് അക്കാലത്ത്. ഇത്തരത്തിലുള്ള വിദ്യാർത്ഥികളെ ഞാനൊരിക്കലും കണ്ടിട്ടില്ല! എനിക്ക് വളരെ സന്തോഷം തോന്നി.

നടന്ന മറ്റൊരു സംഭവവും ഞാൻ സന്തോഷപൂർവം സ്മരിക്കട്ടെ. എന്റെ സ്വദേശമായ ഗുണ്ടൂരിൽനിന്ന് ഒരു അഡ്വക്കേറ്റുണ്ടായിരുന്നു-വളരെ പ്രസിദ്ധനായ ഒരു മനുഷ്യൻ, അദ്ദേഹം തന്റെ മകനെ ബാംഗ്ലൂരിലുള്ള സ്വാമിയുടെ കോളജിൽ പഠിക്കാനയച്ചു. ഈ കുട്ടി നന്നായി പഠിക്കുമായിരുന്നു, സ്വാമിയോട് വളരെ, വളരെ അടുപ്പമായിരുന്നു അവന്, കാരണം ഗോകുലത്തിലെ പശുക്കളെയെല്ലാം അവനാണ് നോക്കിയിരുന്നത്. അവൻ പതി വായി വെളുപ്പിന് 4.00 മണിക്ക് എണീൽക്കും, ഈ പശുക്കളുടെ കാര്യമെല്ലാം നോക്കും, പിന്നെ ബ്രെയ്ക്ക്ഫാസ്റ്റ് കഴിച്ചിട്ട് സിറ്റിയിലേക്ക് അവന്റെ പോസ്റ്റ് ഗ്രാഡ്വേറ്റ് പഠനത്തിനാ യി-എം.കോം, കൊമേഴ്സ്-യാത്ര ചെയ്യും! സ്വാമി, ഏതാണ്ടെല്ലാ ദിവസവും അവനോട് സംസാരിക്കുമായിരുന്നു!

പെട്ടെന്നൊരു ദിവസം, സ്വാമ അവനോട് സംസാരിക്കുന്നത് നിർത്തി, ഈ പയ്യൻ വളരെ



വിഷമിച്ചു. അവൻ അവന്റെ അച്ഛന് ഒരു കത്തെഴുതി, ''ഡാഡീ, എന്താണ് സംഭവിച്ചത്? സ്വാമി എന്നോട് എല്ലാ ദിവസവും സംസാരിക്കുമായിരുന്നു. അവിടുന്ന് എന്നോട് സംസാരിക്കുന്നത് നിർത്താൻ കാരണമെന്താണ്? എനിക്കറിയില്ല! എന്റെ ഭാഗത്ത് ഇതുവരെ തെറ്റൊന്നും സംഭവിച്ചിട്ടില്ല. അങ്ങ് എന്തെങ്കിലും ചെയ്തു കാണണം.''

കത്ത് അച്ഛന് കിട്ടി, അദ്ദേഹം എന്റെ അടുത്ത സുഹൃത്താണ്; ആത്മവിചാരം ചെയ്തപ്പോൾ, അച്ഛന് കാര്യം പിടികിട്ടി. ഏതാനും ദിവസങ്ങൾക്കു മുമ്പ്, പിതാവ് ഒരു ക്ലബ്ബിൽ പോയിരുന്നു-പ്രാദേശിക ക്ലബ്ബ്, രാത്രി മുഴുവൻ അവിടെ ചീട്ട് കളിച്ചു, എന്നിട്ടാണ് തിരികെ വന്നത്. ആരും ചീട്ട് കളിക്കുന്നതോ ചൂതു കളിക്കുന്നതോ മദ്യം കഴിക്കുന്നതോ ഒന്നും സ്വാമിക്ക് ഇഷ്ടമല്ല, നിങ്ങൾക്കറിയാവുന്ന പോലെ.

അദ്ദേഹം മകന് കത്തെഴുതി, ''ഞാൻ ക്ഷമ ചോദിക്കുന്നു. സ്വാമി നിന്നോട് സംസാരിക്കാത്തത്, ഞാൻ ഇവിടെ ചെയ്ത ഒരു തെറ്റ് കാരണത്താലാണ്. ഞാൻ ഇനിയൊരിക്കലും ചീട്ട് കളിക്കില്ലെന്ന് ഞാൻ വാക്ക് തരുന്നു.''

ഇതാണാ സംഭവം. ഈ കത്ത് അവന് കിട്ടിയ അതേ ദിവസം, അന്നു മുതൽക്ക് സ്വാമി അവനോട് വീണ്ടും സംസാരിച്ചു തുടങ്ങി. ഇപ്രകാരമാണ് സ്വാമി അവിടുത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഉപയോഗിച്ചുകൊണ്ട് കുട്ടികളെയും അവരുടെ രക്ഷിതാക്കളെയും പരിവർത്തനം ചെയ്തിരുന്നത്. ഈ രാജ്യത്തെ മാതൃകാ പൗരന്മാരെ, അച്ചടക്കമുള്ള ജനതയെ, പരിശീലിപ്പിച്ചെടുക്കുക എന്ന മഹത്തായ ദൗത്യമായിരുന്നു അതിനു പിന്നിൽ, ഒപ്പം മാതാപിതാക്കളിൽ പരിവർത്തനമുണ്ടാക്കുക എന്നതും. ഇതിന് ഞാൻ സാക്ഷിയാണ്, എനിക്ക് വ്യക്തിപരമായി അറിയാവുന്നതാണ്.

ഇനി, മറ്റൊരു സംഭവം നിങ്ങളുമായി പങ്കു വയ്ക്കണമെന്ന് ഞാൻ കരുതുകയാണ്. സ്വാമി ഒരു കുട്ടിയെ അവന്റെ മാതാപിതാക്കൾക്കൊപ്പം ഇന്റർവ്യൂവിനായി വിളിച്ചു. രക്ഷിതാക്ക

ളുടെ മുമ്പാകെ സ്വാമി ഈ കുട്ടിയെ വാനോളം പുകഴ്ത്തി, പുകഴ്ത്തി സംസാരിച്ചു, ''നിങ്ങളുടെ മകൻ വളരെ, വളരെ ബുദ്ധിമാനാണ്, നന്നായി പഠിക്കുന്നവനാണ്! അവൻ എല്ലാ പ്രവർത്തനങ്ങളിലും പങ്കെടുക്കും.'' അവസാനം, അവിടുന്ന് അവർക്കെല്ലാവർക്കും വിഭൂതി സൃഷ്ടിച്ചു കൊടുത്തു, രക്ഷിതാക്കൾ ഇന്റർവ്യൂമുറി വിട്ടിറങ്ങിയപ്പോൾ, സ്വാമി കതകടച്ചിട്ട് അവനെ ഒന്നുകൂടി അകത്തേക്ക് വലിച്ചു. എന്നിട്ട് അവനോട് ഇപ്രകാരം പറ ഞ്ഞു, ''ഞാൻ നിന്നെപ്പറ്റി അവരോട് പുകഴ്ത്തിപ്പറഞ്ഞതൊക്കെ വെറുതെയാണ്. നീ അങ്ങനെ ആവണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്, അല്ലാതെ നീ അതുപോലെ ആണെന്നല്ല!! നിന്റെ അച്ഛനമ്മമാരുടെ മുമ്പിൽവച്ച് നിന്നെ താഴ്ത്തികാണിക്കുന്നത് എനി ക്കിഷ്ടമല്ല. നീയൊരു മാതൃകാ വിദ്യാർത്ഥിയാവും എന്ന ആത്മവിശ്വാസത്തോടെയാവും അവർ നിന്നെ ഇങ്ങോട്ട് അയച്ചിട്ടുണ്ടാവുക'', അവനെ ഇപ്രകാരം ശാസിച്ചു, ഇനിമു തൽക്ക് എല്ലാ പ്രവർത്തനങ്ങളിലും പങ്കെടുക്കുമെന്ന് അവനെക്കൊണ്ട് സത്യം ചെയ്യിച്ചു. ആ നിമിഷം തൊട്ട്, ആ പയ്യൻ ആകെ മാറി. ഇതും ഞാൻ നന്നായിട്ടോർക്കുന്നു.



അതിനാൽ, ഈ കുട്ടികൾ അവിടുത്തെ സ്വത്താണെന്ന് സ്വാമി പ്രഖ്യാപിക്കുന്നു, അവിടുന്ന് എല്ലായ്പോഴും പറയുന്നത് ഇത്തരത്തിലുള്ള വിദ്യാർത്ഥികൾ ഒരിടത്തുമില്ല എന്നാണ്. വളരെ അപൂർവമാണ്, എന്തുകൊണ്ടെന്നാൽ ഇവർ ഓരോ കാര്യത്തിലും നൈപുണ്യമുള്ളവരാണ്-പഠനത്തിലും പഠനേതര പ്രവർത്തനങ്ങളിലും! വാസ്തവത്തിൽ, അവിടുന്ന് വലിയൊരു ജനക്കൂട്ടത്തിനു മുമ്പിൽ അവരെക്കൊണ്ട് സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കും. പ്രഗത്ഭരുടെ ഒരു സംഗീത പരിപാടി മിക്കപ്പോഴും ഉണ്ടാവും. അതിനു തൊട്ടുപുറകെ, അവിടുന്ന് സ്വന്തം കുട്ടികളെക്കൊണ്ട് ഏതാനും പാട്ടുകൾ പാടിക്കും, അതുവഴി കുട്ടികൾക്ക് അവസരം കിട്ടും, മുഴുവൻ ജനത്തിനും ഭഗവാൻ ബാബ അനുഗ്രഹിച്ച് നൽകിയ ഇവരുടെ സർഗശേഷികളും അറിയാനാവും.

സായിരാം! നമുക്ക് പിന്നീട് കാണാം!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)